**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 890** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തൊടുപുഴ നെല്ലാപ്പാറ ഭാഗത്തെ റോഡിലെ അപകടം ഒഴിവാക്കാനുള്ള മുൻകരുതൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ് ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ടി.പി. നിർമ്മിച്ച തൊടുപുഴ-പാലാ റോഡിൽ നെല്ലാപ്പാറ ഭാഗത്ത് റോഡിന്റെ ദുരവസ്ഥ കാരണം വാഹനങ്ങൾ സ്ഥിരമായി അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ (SH 8) പൊൻകുന്നം മുതൽ വെങ്ങല്ലൂർ വരെയുള്ള ഭാഗം കെ.എസ്.ടി.പി. വിഭാഗം ക്രമീകരിച്ച ഒ.പി.ബി.ആർ.സി (Output and Performance Based Road Contract) പാക്കേജ് 2-ൽ ഉൾപ്പെടുത്തി നിലവിൽ കോട്ടയം നിരത്ത് പരിപാലന വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് സംരക്ഷിച്ചുപോരുന്നത്.

പ്രസ്തുത റോഡിൽ നെല്ലാപ്പാറ ഭാഗത്ത് (Ch. km 123/400) തുടർച്ചയായ വളവുകളും ഇറക്കവുമുള്ള ഒരു 'Sharp Reverse Curve' ആണുള്ളത്. നിലവിൽ ലഭ്യമായ സ്ഥലം ഉപയോഗിച്ചാണ് ഇവിടെ ശരാശരി 10 മീറ്റർ വീതിയിൽ മികച്ച ഉപരിതലത്തോടുകൂടി റോഡ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ, ഈ വളവിൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, റോഡിന്റെ രൂപഘടന സംബന്ധിച്ചും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി **NATPAC** പഠനം നടത്തിയിട്ടുണ്ട്. നാറ്റ്പാക് പഠനമനുസരിച്ച് റോഡിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായി വരാം. നിലവിൽ ഈ റോഡിന്റെ ഉപരിതലം നല്ല നിലയിലാണ് ഉള്ളത്.

**(ബി)** പ്രസ്തുത അപകടങ്ങൾ ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നെല്ലാപ്പാറ വളവിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി അടിയന്തിര സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഒ.പി.ബി.ആർ.സി - 02 (OPBRC - 02) പ്രവൃത്തിയിൽ ഉൾപ്പെടുത്തി അപകട മുന്നറിയിപ്പ് ബോർഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ തുടങ്ങിയ റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കോട്ടയം നിരത്തു പരിപാലന വിഭാഗം സമർപ്പിച്ച 36.11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 22.06.2026 ൽ KSTP അംഗീകാരം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**